(എ) സംസ്ഥാനത്തുള്ള എത്ര സ്കൂളുകളിൽ സഞ്ചയികാ സമ്പാദ്യ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്;

(ബി) 2005 ജൂലൈ 1-ാം തീയതിയിലെ കണക്കനുസരിച്ച് ഈ പദ്ധതിയിൽ ആകെ പിരിഞ്ഞുകിട്ടിയ തുക എത്രയാണ്;

(സി) ഈ പദ്ധതിപ്രകാരം പിരിഞ്ഞുകിട്ടുന്ന തുക സ്വീകരിക്കാൻ പോസ്റ്റ് ഓഫീസുകൾ വിസമ്മതിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 9753 സ്കൂളുകളിൽ സഞ്ചയികാ സമ്പാദ്യ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 29,74,63,528 രൂപ.

(സി) & (ഡി) ചില പോസ്റ്റ് ഓഫീസ് അധികൃതർ തുക സ്വീകരിക്കാൻ വിസമ്മതിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മുക്കം എ. ഇ. ഒ. ഓഫീസ് ആരംഭിക്കുവാൻ നടപടി

70 [3053] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മുക്കം ആസ്ഥാനമായി എ. ഇ. ഒ. ഓഫീസ് ആരംഭിക്കണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനുവേണ്ടി സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) മുക്കം എ. ഇ. ഒ. ഓഫീസ് എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)—(സി) 21-7-2005-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം. 233/2005/പൊ.വി. പ്രകാരം കോഴിക്കോട് ജില്ലയിൽ മുക്കം ആസ്ഥാനമായി ഒരു പുതിയ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് ആരംഭിക്കുന്നതിനും അതിലേക്ക് ആവശ്യമായ തസ്തികകൾ പുനർവിന്യസിക്കാനും അനുമതി നൽകിയിട്ടുണ്ട്.

മലയാളം വിദ്വാൻ അദ്ധ്യാപകരുടെ പ്രമോഷൻ നടപടി

71 [3054] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly